# പ്രത്യേക അനുമതിയില്ലാതെ നീര ഉൽപാദിപ്പിക്കാൻ അനുവദിക്കും: മന്ത്രി

കോഴിക്കോട് ● കൃഷി, എക്സൈസ് വകുപ്പുകളുടെ അനുമതി ഇല്ലാതെ തന്നെ കർഷകർക്കു നീര ഉൽപാദിപ്പിക്കാൻ അനുമതി നൽകുമെന്നു മന്ത്രി കെ.പി. മോഹനൻ. പേരാമ്പ്ര ചക്കിട്ടപാറയിൽ കർഷക സേവന കേന്ദ്രം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. സ്വന്തം വീട്ടിലെ നാളികേരത്തിൽ നിന്നു നീര ഉൽപാദിപ്പിക്കാൻ വിവിധ വകുപ്പുകളുടെ കാലു പിടിക്കേണ്ട ഗതികേടിലാണ് കർഷകർ. അതിനി ഉണ്ടാവില്ല. ഇതു കേരളത്തിൽ നടപ്പാക്കാനാണ് സർക്കാർ ഉദ്ദേശിക്കുന്നതെന്ന് മന്ത്രി പറഞ്ഞു.